REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ ഇന്ന് ഗ്രാമീണ ഭാരത് മഹോത്സവ് ഉദ്ഘാടനം ചെയ്യും.**
- **ലക്ഷദ്വീപിലും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും 100 ശതമാനം പുനരുപയോഗ ഊർജ ഉൽപ്പാദനം എന്ന ലക്ഷ്യം കൈവരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **ആയുഷ് സംവിധാനത്തെ ആധുനിക വൈദ്യശാസ്ത്രവുമായി സംയോജിപ്പിക്കാൻ ആരോഗ്യമേഖലയിൽ സുപ്രധാനമാറ്റം വരുത്തിയതായി കേന്ദ്രമന്ത്രി JP നദ്ദ.**
- **63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല ഉയരും. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.**
- **ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന് ഇന്ന് തുടക്കം.**
- **സിഡ്നി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഓസ്ട്രേലിയക്ക് ബാറ്റിംഗ് തകർച്ച.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ ഇന്ന് ഗ്രാമീണ ഭാരത് മഹോത്സവ് ഉദ്ഘാടനം ചെയ്യും. ഗ്രാമീണ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം, സ്വയം പര്യാപ്തമായ സാമ്പത്തിക മേഖല, ഗ്രാമീണ വിഭാഗങ്ങളുടെ നൂതന ആശയങ്ങളുടെ പ്രോത്സാഹനം എന്നിവയാണ് മഹോത്സവത്തിന്റെ ലക്ഷ്യം.

വികസിത ഭാരതം 2047 നായി ഗ്രാമീണ മേഖലയെ ശാക്തീകരിക്കുക എന്നതാണ് ആറു ദിവസത്തെ മഹോത്സവത്തിന്റെ പ്രമേയം.

ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം പ്രദർശിപ്പിക്കുന്നതാണ് ഗ്രാമീണ ഭാരത മഹോത്സവം. സംരംഭകത്വത്തിലൂടെ ഗ്രാമീണ സ്ത്രീകളെ ശാക്തീകരിക്കുക എന്നതിലാണ് മഹോത്സവം പ്രധാന ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഗവൺമെന്റ് ഉദ്യോഗസ്ഥർ, ഗ്രാമീണ സംരംഭകർ, കരകൗശല വിദഗ്ധർ, വിവിധ മേഖലകളിലെ പങ്കാളികൾ എന്നിവരുമായി ചേർന്ന് ഗ്രാമീണ പരിവർത്തനത്തിനായി റോഡ്മാപ്പ് നിർമ്മിക്കാൻ മഹോത്സവം വഴി ഒരുക്കും.

✪✪✪

ലക്ഷദ്വീപിലും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും സോളാർ പാനലുകളിലൂടെയും കാറ്റാടി യന്ത്രങ്ങളിലൂടെയും 100 ശതമാനം പുനരുപയോഗ ഊർജ ഉൽപ്പാദനം എന്ന ലക്ഷ്യം കൈവരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. ന്യൂഡൽഹിയിൽ ദ്വീപ് വികസന ഏജൻസിയുടെ ഏഴാമത് യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലക്ഷദ്വീപിലേയും ആൻഡമാൻ നിക്കോബാർ ദ്വീപിലേയും എല്ലാ വീടുകളിലും സോളാർ പാനലുകൾ സ്ഥാപിച്ച് 'PM സൂര്യ ഘർ' പദ്ധതി നടപ്പിലാക്കാൻ അദ്ദേഹം ഊർജ്ജ മന്ത്രാലയത്തിന് നിർദ്ദേശം നൽകി. രണ്ട് ദ്വീപ് ഗ്രൂപ്പുകളിലെയും ടൂറിസം, വ്യാപാരം, മറ്റ് പ്രധാന മേഖലകൾ എന്നിവയിലെ സംരംഭങ്ങളിൽ സഹകരിക്കാൻ ബന്ധപ്പെട്ട എല്ലാ കേന്ദ്ര മന്ത്രാലയങ്ങളോടും അമിത് ഷാ ആവശ്യപ്പെട്ടു.

✪✪✪

2025-ലെ ഡിജിറ്റൽ വ്യക്തിഗത വിവര സംരക്ഷണ ചട്ടങ്ങളുടെ കരട് കേന്ദ്ര ഇലക്ട്രോണിക്സ് - വിവരസാങ്കേതിക മന്ത്രാലയം പുറത്തിറക്കി. കരട് ചട്ടങ്ങളിൽ കൂടിയാലോചനകളും ജനങ്ങളുടെ അഭിപ്രായങ്ങളും തേടിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്.

--------------(വോയ്സ്)----------------

ഡിജിറ്റൽ വ്യക്തിഗത വിവര സംരക്ഷണ നിയമത്തിന് 2023 ഓഗസ്റ്റിലാണ് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. നിയമത്തിന് കീഴിൽ വ്യക്തിഗത അനുമതി പ്രക്രിയ, ഡാറ്റ നിർവഹണ സംവിധാനങ്ങൾ, അധികാരകേന്ദ്രങ്ങളുടെ പ്രവർത്തനം എന്നിവസംബന്ധിച്ച മാർഗനിർദേശങ്ങളാണ് കരട് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ ഉപയോഗിക്കുന്നതിന് മുൻപ്

രക്ഷിതാവിന്റെ അനുമതി വാങ്ങിയെന്ന് ഉറപ്പാക്കാനാവശ്യമായ സാങ്കേതികവും നിർവഹണപരവുമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് കരടിൽ വ്യക്തമാക്കുന്നു. ഇതോടെ 18 വയസ്സിന് താഴെ പ്രായക്കാരായ കുട്ടികൾക്ക് സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് രക്ഷിതാക്കളുടെ അനുമതി ആവശ്യമായിവരുമെന്നാണ് റിപ്പോർട്ടുകൾ. കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും വ്യക്തിഗത വിവര സംരക്ഷണത്തിനും ഉപഭോക്തൃ അവകാശ സംരക്ഷണത്തിനും ഊന്നൽ നൽകുന്നതാണ് കരട് ചട്ടം.

കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് അടുത്തമാസം 8 വരെ അഭിപ്രായങ്ങളും നിർദേശങ്ങളും മൈ-ജിഒവി പോർട്ടിൽ വഴി നൽകാം.

✪✪✪

ആയുഷ് സംവിധാനത്തെ ആധുനിക വൈദ്യശാസ്ത്രവുമായി സംയോജിപ്പിക്കുന്നതിന് ആരോഗ്യമേഖലയിൽ സുപ്രധാനമായ നയം മാറ്റം വരുത്തിയതായി കേന്ദ്ര ആരോഗ്യ മന്ത്രി JP നദ്ദ അറിയിച്ചു. ബെംഗളൂരുവിൽ സ്കൂൾ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ പുതിയ കാമ്പസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മോഡേൺ മെഡിസിൻ പ്രാക്ടീഷണർമാർ പ്രയോജനകരമെന്നു തോന്നുമ്പോൾ ആയുഷ് ചികിത്സകളിലേക്ക് രോഗികളെ റഫർ ചെയ്യുന്ന സഹകരണ സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അദ്ദേഹം വിശദീകരിച്ചു. രാജ്യത്തെ 22 എയിംസ് ആശുപത്രികളിൽ ആയുഷ് ബ്ലോക്ക് ഉണ്ടെന്നും നദ്ദ പറഞ്ഞു. പരമ്പരാഗത ഔഷധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആയുഷ് മന്ത്രാലയം 103 രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. ആയുഷ് ചികിത്സാ സമ്പ്രദായത്തിലെ ഗവേഷണം ഗണ്യമായി ശക്തിപ്പെടുത്തിയതായും JP നദ്ദ പറഞ്ഞു.

✪✪✪

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല ഉയരും. രാവിലെ സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കൊലിയാക്കോട്.

.........വോയ്സ്..........

ഈ മാസം 8 വരെ തിരുവനന്തപുരത്ത് നടക്കുന്ന 63 ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 25 വേദികളിലായി 249 ഇനങ്ങളിൽ 15,000 ത്തോളം കലാപ്രതിഭകൾ മാറ്റുരയ്ക്കും. പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ

ഉദ്ഘാടനത്തിന് ശേഷം കലോത്സവത്തിന്റെ സ്വാഗത ഗാനത്തിന്റെ നൃത്താവിഷ്കാരം കലാമണ്ഡലത്തിലെയും പൊതുവിദ്യാലയത്തിലെയും കുട്ടികൾ ചേർന്ന് അവതരിപ്പിക്കും. വയനാട് ദുരന്തിന്റെ അതിജീവനത്തിന്റെ ഭാഗമായി വെള്ളാർമല സ്കൂൾ വിദ്യാർത്ഥികളുടെ സംഘനൃത്തവും ഉദ്ഘാടന ചടങ്ങിൽ നടക്കും.തുടർന്ന് നടക്കുന്ന മോഹിനിയാട്ട മത്സരത്തോടെ അരങ്ങുണരും. 40 ഓളം ഇനങ്ങൾ ആണ് കലോത്സവത്തിന്റെ ആദ്യ ദിനമായ ഇന്ന് അരങ്ങേറുന്നത്. പുതുതായി ഉൾപ്പെടുത്തിയ ഗോത്ര നൃത്ത കലകളിൽ ഒന്നായ മംഗലം കളി ഇന്ന് രാവിലെ 11 മണിക്ക് നിശാഗന്ധിയിൽ നടക്കും. മത്സര ഫലങ്ങൾ വേദികൾക്കരികിൽ പ്രദർശിപ്പിക്കാൻ ഡിജിറ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സരങ്ങൾ കാണുന്നതിനും മത്സരപുരോഗതി തത്സമയം അറിയുന്നതിനും കൈറ്റ് മൊബൈൽ ആപ്പും തയ്യാറാക്കിയിട്ടുണ്ട്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വർണ്ണക്കപ്പ് ഇന്നലെ രാത്രി പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിച്ചു. മന്ത്രി V. ശിവൻകുട്ടി ട്രോഫി ഏറ്റുവാങ്ങി.

PMG ജങ്ഷനിൽ നിന്നും വിദ്യാർത്ഥികളുടെ വിവിധ കലാകായിക രൂപങ്ങളുടെ അകമ്പടിയോടെ ഘോഷയാത്രയായാണ് സ്വർണക്കപ്പ് സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിച്ചത്. 117 പവൻ സ്വർണ്ണം ഉപയോഗിച്ചാണ് ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലോത്സവത്തിന്റെ സ്വർണ കപ്പ് നിർമ്മിച്ചിരിക്കുന്നത്.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സന്ദർശിച്ച് വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

എം.കെ. രാഘവൻ MP, പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ അരുൺ കുമാർ ചതുർവേദി, എന്നിവരും മുതിർന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പ മുണ്ടായിരുന്നു. വികസന പ്രവർത്തനങ്ങളിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു.

✪✪✪

കടലിലും കരയിലും ആകാശത്തും വർണ വിസ്മയക്കാഴ്ചകൾ തീർക്കുന്ന ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന്റെ സീസൺ നാലിന് ഇന്ന് തുടക്കം ജല സാഹസിക കായിക മത്സരങ്ങളും പ്രദർശനങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ഫെസ്റ്റ് നാളെ സമാപിക്കും.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്..........

ഭക്ഷ്യമേളയും പട്ടം പറത്തൽ മേളയും ഡ്രോൺ ഷോയും സംഗീത കലാപരിപാടികളും അരങ്ങേറുന്ന ഫെസ്റ്റ് സംസ്ഥാന വിനോദസഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും DTPCയും ചേർന്നാണ് സംഘടിപ്പിക്കുന്നത്. ബേപ്പൂരിൽ മറീന ബീച്ച്, ബ്രേക്ക് വാട്ടർ, പുലിമുട്ട്, ബേപ്പൂർ തുറമുഖം, ചാലിയം ബീച്ച് എന്നിവിടങ്ങളിലായാണ് പരിപാടികൾ നടക്കുക.

സിറ്റ് ഓൺ ടോപ്പ് കയാക്ക്, സെയ്‌ലിംഗ്, ഫ്ളൈ ബോർഡ് ഡെമോ, പാരാമോട്ടോറിംഗ്, കോസ്റ്റ്ഗാർഡിന്റെ ഡോർണിയർ ഫ്ളൈ പാസ്റ്റ്, സർഫിംഗ്, വലയെറിയൽ, നാടൻ വള്ളങ്ങളുടെ മത്സരം, പാരാമൗണ്ടിംഗ് തുടങ്ങി മത്സര, പ്രദർശന പരിപാടികളാണ് രണ്ടു ദിവസങ്ങളിലായി നടക്കുക.

ഇന്നും നാളെയും രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും കപ്പലുകൾ ബേപ്പൂർ തുറമുഖത്ത് പൊതുജനങ്ങൾക്കായി പ്രദർശനത്തിനെത്തും. പ്രദർശനം സൗജന്യമായിരിക്കും. വാട്ടർ ഫെസ്റ്റ് കണക്കിലെടുത്ത് രണ്ട് ജങ്കാറുകൾ ഇന്നും നാളെയും ബേപ്പൂരിലും ചാലിയത്തിനും ഇടയിൽ രാത്രി 10 വരെ സർവീസ് നടത്തും.

✪✪✪

വർഗീയ സംഘടനകളുമായി കൂട്ടുകൂടിയാൽ മുസ്ലിം ലീഗിനെ കാത്തിരിക്കുന്നത് വലിയ ദുരന്തമായിരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലീഗിന്റെ നീക്കം അങ്ങേയറ്റം വിനാശകരമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. രാജ്യത്ത് കോൺഗ്രസിനുണ്ടായ അനുഭവം ലീഗിന് പാഠമാകണമെന്നും പിണറായി പറഞ്ഞു. CPIM മലപ്പുറം ജില്ലാ സമ്മേളനത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാർട്ടി ജില്ലാ സെക്രട്ടറിയായി V.P അനിലിനെ തെരഞ്ഞെടുത്തു.

✪✪✪

സിഡ്നിയിൽ ഇന്ത്യക്കെതിരായ ബോർഡർ ഗവാസ്കർ ട്രോഫി അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൽ ആദ്യ ഇന്നിംഗ്സിൽ ഓസ്ട്രേലിയക്ക് ബാറ്റിംഗ് തകർച്ച. 39 റൺസെടുക്കുന്നതിനിടെ അവർക്ക് നാല് വിക്കറ്റ് നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഓസ്ട്രേലിയ 4 വിക്കറ്റിന് 92 റൺസെടുത്തു.

ഒരു വിക്കറ്റിന് ഒമ്പത് റൺസെന്ന നിലയിലാണ് രണ്ടാം ദിവസമായ ഇന്ന് ആതിഥേയർ ഇന്നിംഗ്സ് പുനരാരംഭിച്ചത്. ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 185 റൺസിന് പുറത്തായിരുന്നു.

പരമ്പരയിൽ 2-1ന് ഓസ്ട്രേലിയ മുന്നിലായതിനാൽ ബോർഡർ-ഗവാസ്കർ ട്രോഫിയും ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ സാധ്യതയും നിലനിർത്താൻ അവസാന ടെസ്റ്റിൽ ഇന്ത്യക്കു ജയം അനിവാര്യമാണ്.

✪✪✪

മുപ്പത്തിയഞ്ചാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ഹരിയാനയ്ക്കും സർവ്വീസസിനും ഓവറോൾ കിരീടം. കണ്ണൂരിൽ ഇന്നലെ സമാപിച്ച ചാമ്പ്യൻഷിപ്പിലെ വിജയികൾക്ക് നിയമസഭാ സ്പീക്കർ AN.ഷംസീർ ട്രോഫികൾ സമ്മാനിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

.........വോയ്സ്..........

വനിതാ വിഭാഗത്തിൽ 35 പോയിൻറ് നേടിയാണ് ഹരിയാന ഓവറോൾ ചാമ്പ്യൻമാരായാത്. പുരുഷ വിഭാഗത്തിൽ 25 പോയിന്റോടെയാണ് സർവീസസ് കീരീടം ചൂടിയത്. വനിതാ വിഭാഗത്തിൽ 16 പോയിന്റോടെ മണിപ്പൂർ രണ്ടാം സ്ഥാനവും 10 പോയിന്റോടെ തമിഴ്നാട് മൂന്നാം സ്ഥാനവും നേടി. കേരളം അഞ്ച് പോയിൻറ് നേടി. പുരുഷ വിഭാഗത്തിൽ 18 പോയിന്റോടെ മഹാരാഷ്ട്ര രണ്ടാം സ്ഥാനം കരസ്ഥമാക്കി. 16 പോയിന്റോടെ ഹരിയാന മൂന്നാം സ്ഥാനവും നേടി. സംസ്ഥാനത്ത് കായിക മത്സരങ്ങൾ നടത്തുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തക്ക് കൂട്ടായ പരിശ്രമത്തിലൂടെ പരിഹാരം കാണണമെന്ന് സ്പീക്കർ ആവശ്യപ്പെട്ടു.

✪✪✪

ISL ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, മൊഹമ്മദൻ SC മത്സരം സമനിലയിൽ കലാശിച്ചു. ഗുവാഹത്തിയിൽ ഇരു ടീമുകൾക്കും ഗോളുകളൊന്നും നേടാനായില്ല.

ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ഒഡിഷയിൽ വൈകീട്ട് 5-ന് ഒഡിഷ FC, FC ഗോവയെയും, ചെന്നൈയിൽ രാത്രി 7.30-ന് ജംഷഡ്പൂർ FC ബെംഗലൂരു FC യേയും നേരിടും.

✪✪✪

ഇന്ന് ലോക ബ്രെയിൽ ദിനം. കാഴ്ച പരിമിതർക്ക് കാര്യക്ഷമമായ ആശയവിനിമയവും അതുവഴി മനുഷ്യാവകാശത്തിന്റെ സമ്പൂർണ സാക്ഷാത്ക്കാരവും ലക്ഷ്യമിട്ട് 2019 മുതലാണ് ആഗോളതലത്തിൽ ബ്രെയിൽ ദിനം ആചരിക്കുന്നത്. 19-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ബ്രെയിൽ ലിപി കണ്ടെത്തിയ ലൂയി ബ്രെയിലിന്റെ ജന്മദിനമാണ് ബ്രെയിൽ ദിനമായി

ആചരിക്കുന്നത്. ദിനാചരണത്തിനായി തിരഞ്ഞെടുത്തത്. വിദ്യാഭ്യാസമടക്കം രംഗങ്ങളിൽ ബ്രെയിൽ ലിപിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ദിനാചരണവുമായി ബന്ധപ്പെട്ട് രാജ്യത്ത് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

ബ്രെയിൽ ദിനാചരണത്തോടനുബന്ധിച്ച് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സംസ്ഥാന സമിതിയുടെയും തിരുവനന്തപുരം ജില്ലാകമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ അന്ധക്ഷേമ പക്ഷാചരണം സംഘടിപ്പിക്കും. KFB സംസ്ഥാന ജനറൽ സെക്രട്ടറി KM അബ്ദുൽ ഹക്കീം ഉദ്ഘാടനം ചെയ്യും. കാഴ്ചപരിമിതർക്ക് ബ്രെയിൽ കലണ്ടർ ചടങ്ങിൽ വിതരണം ചെയ്യും. മറ്റ് ജില്ലകളിലും ദിനാചരണത്തോടനുബന്ധിച്ച് ഫെഡറേഷൻ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

എഴുപത്തഞ്ചാം വയസ്സിലേക്ക് കടക്കുന്ന ആകാശവാണി കോഴിക്കോട് നിലയത്തിൽ പ്രവർത്തിച്ച എഞ്ചിനിയറിങ്ങ് ജീവനക്കാരുടെ സംഗമം: സ്മൃതി തരംഗം ഇന്ന് നടക്കും. കോഴിക്കോട് ആകാശവാണി ഡയരക്ടർ ഗോഡ് വിൻ ജ്ഞാന രാജ് ഉദ്ഘാനം ചെയ്യും.

✪✪✪

കണ്ണൂർ ചൊക്ലി ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തെ ATM.കൗണ്ടറിൽ അറ്റകുറ്റപ്പണികൾക്കായി എത്തിയ ടെക്നീഷ്യനെ കൗണ്ടറിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി. കല്യാശ്ശേരി കോലത്തുവയൽ സ്വദേശി MV.സുനിൽകുമാർ ആണ് മരിച്ചത്. ഷോക്കേറ്റതാകാം മരണ കാരണമെന്ന് കരുതുന്നു.

✪✪✪

നൂറുദിന ക്ഷയരോഗ നിർമ്മാർജ്ജന കാമ്പയിന് മലപ്പുറം ജില്ലയിൽ തുടക്കമായി. പി. ഉബൈദുള്ള MLA ഉദ്ഘാടനം ചെയ്തു.

✪✪✪

*News Reader: ഹക്കീം കൂട്ടായി*
*Casual News readers: ഹബീബ് റഹ്മാൻ, അനുഷ ആത്മപ്രകാശ്*
*DEO : സുബോധ് സി കെ*